# നെന്മേനി സിഡിഎസ്

## ആമുഖം

പ്രകൃതിരമണീയമായ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിൽ സുൽത്താൻ ബത്തേരി ബ്ലോക്കിൽ  ഉൾപ്പെട്ട ഗ്രാമപഞ്ചായത്താണ് നെന്മേനി ഗ്രാമപഞ്ചായത്ത്. വയനാട്ടിലെ ഏറ്റവും വലിയ പഞ്ചായത്തായ നെന്മേനി 69.38 ചതുരശ്ര കിലോമീറ്റർ വ്യാപിച്ച് കിടക്കുന്നു. വടക്ക് ഭാഗത്ത് സുൽത്താൻബത്തേരി നൂൽപ്പുഴ പഞ്ചായത്തുകളും കിഴക്കുഭാഗത്ത് നൂൽപ്പുഴ പഞ്ചായത്തും തമിഴ്നാട് സംസ്ഥാനവും തെക്കുഭാഗത്ത് തമിഴ്നാട് സംസ്ഥാനവും അമ്പലവയൽ പഞ്ചായത്തും പടിഞ്ഞാറ് അമ്പലവയൽ ഗ്രാമപഞ്ചായത്തുമാണ് നെന്മേനിയുടെ അതിരുകൾ. നവീനശിലായുഗത്തിലെ അവശിഷ്ടങ്ങൾ കണ്ടെത്തിയ ഇടക്കൽ ഗുഹ നെന്മേനിയിലെ  അമ്പുകുത്തി മലയിലാണ് സ്ഥിതി ചെയ്യുന്നത്.

1998 മെയ് 17ന് ആരംഭിച്ച കുടുംബശ്രീ സംഘടന നെൻമേനിയിൽ 22 വർഷം കൊണ്ട് ആഴത്തിൽ വേരൂന്നിയിരിക്കുന്നു. ഏറ്റവും വലിയ ഗ്രാമപഞ്ചായത്ത് ആയതിനാൽ തന്നെ ഏറ്റവും കൂടുതൽ കുടുംബശ്രീ കുടുംബങ്ങൾ ഉള്ളതും ഇവിടെ തന്നെയാണ്. 536 ജനറൽ അയൽകൂട്ടങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ 32 ഭിന്നശേഷി അയൽക്കൂട്ടങ്ങളും 13 വയോജന അയൽക്കൂട്ടങ്ങളും 62  ടO അയൽക്കൂട്ടങ്ങളും 60 ബാല സഭകളും പ്രവർത്തിച്ചുവരുന്നു. 413 ജെഎൽ ജി കൾ മികച്ച രീതിയിൽ കൃഷി ചെയ്യുന്നുണ്ട്. വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെട്ട 25 സൂക്ഷ്മ സംരംഭങ്ങളും പ്രവർത്തിക്കുന്നുണ്ട്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന പതിമൂന്നോളം വിദ്യാർത്ഥികൾക്ക് വേണ്ടി ബഡ്സ് റീഹാബിലിറ്റെഷൻ സെന്റർ ആരംഭിക്കാൻ കഴിഞ്ഞത് സിഡിഎസ് ന്  അഭിമാനാർഹമായ നേട്ടമാണ്.

## ലോക്ഡൗൺ കാലം

ലോകമെമ്പാടുമുള്ള ആളുകൾ  ഭീതിയോടെ കാണുന്ന കൊറോണ എന്ന മഹാമാരി പ്രാരംഭഘട്ടത്തിൽ വലിയ രീതിയിലുള്ള ഭീഷണികൾ നേരിട്ടിട്ടില്ലായിരുന്നു എങ്കിലും നാലാം ഘട്ടത്തിൽ എത്തിനിൽക്കുമ്പോൾ നാലോളം കോവിഡ്19 ബാധിതരുമായി നെൻമേനിയിലെ ചീരാൽ വില്ലേജ് കണ്ടെയ്ൻമെൻറ് സോൺലാണ് ഉള്ളത്. ഇതിൽ രണ്ടുപേർ വിദേശത്തുനിന്ന് വന്ന ദമ്പതികളും ഒരാൾ ചെന്നൈ കോയമ്പേട് മാർക്കറ്റിൽ നിന്നും വന്നയാളും അയാളുടെ സഹോദരനുമാണ് രോഗം സ്ഥിരീകരിച്ചത്. എന്നാൽ ഇതൊരു സാമൂഹ്യ വ്യാപകമായി പഞ്ചായത്തിൽ ഉണ്ടായിട്ടില്ല.

## ലോക്ഡൗൺ പ്രവർത്തനങ്ങൾ

## വാട്സ്ആപ്പ് ഗ്രൂപ്പുകൾ

ലോക്ഡോൺ ആരംഭിച്ചപ്പോൾ സിഡിഎസ് പ്രവർത്തനങ്ങൾ തുടരുന്നതിനായി വാട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചു. മുമ്പ് സിഡിഎസ് തലത്തിൽ മാത്രമുണ്ടായിരുന്ന വാട്സാപ്പ് ഗ്രൂപ്പുകൾ എ ഡി എസ് തലത്തിലേക്കും അയൽക്കൂട്ട തലത്തിലേക്കും വിപുലീകരിച്ചു. സിഡിഎസ് പ്രവർത്തന നിർദ്ദേശങ്ങൾ കൂടാതെ കോവിഡ്19 നെ കുറിച്ചുള്ള ജാഗ്രത നിർദ്ദേശങ്ങളും ഓരോ അംഗങ്ങളിലേക്കും പങ്കുവയ്ക്കാൻ ഈ ഗ്രൂപ്പുകൾ ഉപകരിച്ചു.

## പ്രതിരോധ ഉപകരണ നിർമ്മാണ പ്രവർത്തികൾ

കോവിഡ്19 രോഗപ്രതിരോധത്തിന് ഏറ്റവും ഫലപ്രദമായ മാർഗം വ്യക്തിശുചിത്വം ആണെന്നിരിക്കെ മുൻകരുതലുകൾ ആയി മാസ്ക്, ഹാൻഡ് വാഷ് തുടങ്ങിയവ നിർമ്മിക്കുന്നതിനും ഉപയോഗിക്കുന്നതിനും അയൽക്കൂട്ടങ്ങൾക്ക് നിർദ്ദേശം നൽകി. ഈ നിർദ്ദേശങ്ങൾ ശരിയായ രീതിയിൽ ഉൾക്കൊള്ളാൻ അംഗങ്ങൾക്ക് സാധിച്ചിട്ടുണ്ട്. മൂന്നാം വാർഡായ കുന്താണി വാർഡിൽ എഡി എസിനെയും വാർഡ് മെമ്പറും ഇടപെടൽമൂലം തയ്യൽ അറിയുന്ന എല്ലാ വ്യക്തികളും മാസ്ക് നിർമ്മിച്ചു കൊണ്ടിരിക്കുന്നു.

## മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി

കോവിഡ്19 എന്ന മഹാമാരി ചെറുക്കാൻ സർക്കാർ ഏർപ്പെടുത്തിയ നോക്കാം മൂലം ഉണ്ടാകാവുന്ന തൊഴിൽനഷ്ടവും അതിനു തുടർച്ചയായി ഉണ്ടാകാവുന്ന സാമ്പത്തിക നഷ്ടവും കണക്കിലെടുത്ത് സാധാരണക്കാർക്കായി ഏർപ്പെടുത്തിയ വായ്പ പദ്ധതി ആണ് മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി. നെന്മേനി സി ഡി എസിലേക്ക് 41720000/ രൂപയാണ് വായ്പയായി അനുവദിച്ചിട്ടുള്ളത്. അപേക്ഷകരുടെ എണ്ണം കണക്കാക്കി എല്ലാ ആളുകൾക്കും തുല്യ തുക വരുന്ന രീതിയിലാണ് ഈ തുകയെ വിഭജിച്ചിട്ടുള്ളത്. ഈ തുക വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കമ്മ്യൂണിറ്റി കിച്ചൺ

നെന്മേനി സിഡിഎസ് ലെ മിന്നാരം കാറ്ററിങ് യൂണിറ്റ് ലോക്ഡൗൺ കാലത്ത് കമ്മ്യൂണിറ്റി കിച്ചൻ ആയി മാറ്റിയിട്ടുണ്ട്. തെരുവോരങ്ങളിൽ അലയുന്നവർക്കും അഗതികൾക്കും സൗജന്യ ഭക്ഷണവും ആരോഗ്യപ്രവർത്തകർക്കും ചെക്ക് പോസ്റ്റുകളിലും ക്വാറൻ്റൈൻൽ ഉള്ളവർക്കും മിതമായ നിരക്കിലും ഭക്ഷണം വിതരണം ചെയ്യുന്നുണ്ട്. സൗജന്യനിരക്കിൽ ഏകദേശം 1800 ഓളം ഭക്ഷണവും

മിതമായ നിരക്കിൽ ഏകദേശം 1270 ഭക്ഷണവും ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. 5 പേർ അടങ്ങുന്ന ഈ കാറ്ററിങ് യൂണിറ്റ് നിലവിൽ ജനകീയ ഹോട്ടലായി മാറ്റിയിട്ടുണ്ട്.

അഗതി ആശ്രയ

അഗതി ആശ്രയ ഉപഭോക്താക്കളുടെ ഒരു സർവ്വേ സംഘടിപ്പിക്കുകയും അവരുടെ അവശ്യ സേവനങ്ങൾ സിഡിഎസ് ലൂടെ എത്തിക്കുകയും ചെയ്തു. ഇവർക്കുള്ള ഭക്ഷണ കിറ്റുകൾ ലോക്ഡൗൺ നിയമങ്ങൾ തെറ്റിക്കാതെ യഥാസമയം എത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

വയോജനങ്ങൾ

കോവിഡ്19 രോഗ പ്രതിരോധശേഷി കുറഞ്ഞവരിൽ പെട്ടെന്ന് വ്യാപിക്കുമെന്നതിനാൽ തന്നെ കൂടുതൽ ജാഗ്രത പുലർത്തേണ്ടത് വയോജനങ്ങൾ ആണ്. കൃത്യമായി നിരീക്ഷിക്കുന്നതിനും നിർദേശങ്ങൾ നൽകുന്നതിനും അവശ്യ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി ഒരു വളണ്ടിയറിനെ ചുമതലപ്പെടുത്തുകയും വളണ്ടിയർ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ കാഴ്ചവെക്കുകയും ചെയ്തു.

എ ഡി എസ്

ഹെൽത്ത് സെന്ററിൽ നിന്നുള്ള പ്രതിരോധമരുന്നുകൾ കണ്ടോൺമെന്റ് സോണിൽ വിതരണം ചെയ്യുന്നതിൽ എഡിഎസ് സദാസമയം കർമനിരതർ ആണ്. കൂടാതെ വാർഡ് തലത്തിൽ അവശ്യ സേവനങ്ങൾ നൽകുന്നതിലും മുൻപന്തിയിൽ നിൽക്കുന്നു. പഞ്ചായത്തിലെ 23 വാർഡുകളിലായി വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ രൂപീകരിച്ച ജാഗ്രത സമിതികളിൽ അതാത് വാർഡുകളിലെ എഡിഎസ് മാർ സജീവ പ്രവർത്തനമാണ് കാഴ്ചവെച്ചത് ഇവരുടെ പ്രവർത്തനം മൂലം പഞ്ചായത്തിൽ ക്വാറന്റൈൻയിൽ കഴിയുന്ന വ്യക്തികളുടെ വിവരങ്ങളും അവരുടെ പ്രവർത്തനങ്ങളും അതാത് സമയങ്ങളിൽ ആരോഗ്യ പ്രവർത്തകരെ അറിയിക്കുന്നതിനും പുതുതായി വിദേശത്തുനിന്ന് വരുന്നവരുടെ യും ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവരെയും വിവരങ്ങൾ മുൻകൂട്ടി ആരോഗ്യവകുപ്പിനെ അറിയിക്കാനും കഴിഞ്ഞതിനാൽ പഞ്ചായത്തിൽ ഇതുവരെ നല്ല പ്രവർത്തനമാണ് കാഴ്ചവെക്കാൻ കഴിഞ്ഞിട്ടുള്ളത്

പഞ്ചായത്തിലെ ഓരോ പ്രാദേശിക തലത്തിലും അയൽക്കൂട്ട അംഗങ്ങളിൽ നിന്നും വളണ്ടിയർമാരെ തെരഞ്ഞെടുത്ത് ആരോഗ്യ പ്രവർത്തകർക്ക് സഹായകരമാകുന്ന രീതിയിൽ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്.

ASMA CH

BC ORGANIZATION, MF & MIS